പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 305** **28.10.2019-ൽ മറുപടിക്ക്**

**ചിത്തിരപുരത്ത് ആശുപത്രി**

**ചോദ്യം**

**ശ്രീ. എസ്.രാജേന്ദ്രൻ**

**മറുപടി**

**കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവികുളം നിയോജക മണ്ഡലത്തിലെ ചിത്തിരപുരത്ത് കിഫ്ബി മുഖേന ആരോഗ്യ വകുപ്പിന് കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള ആശുപത്രിയുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 16.11.2018 ലെ ജി.ഒ (ആർ.ടി) നം. 3424/2018/ആ.കു.വ. പ്രകാരം ചിത്തിരപുരം സർക്കാർആശുപത്രിയുടെ നവീകരണത്തിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ചിരുന്നു. കെ.എസ്. ഇ.ബി. സമർപ്പിച്ച പ്രാഥമിക പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 55.33 കോടി രൂപയ്ക്ക് ആശുപത്രി നവീകരണത്തിനുള്ള ഭരണാനുമതി 28.05.2019 ലെ ജി.ഒ.(ആർ.ടി.) നം.1280/2019/ ആ.കു.വ. പ്രകാരം നല്കിയിട്ടുണ്ട്. ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള ഡി.പി.ആർ., ആർക്കിടെക്ചറൽ, സ്ട്രക്ചറൽ, ഡിസൈൻ & ഡ്രോയിംഗ് എസ്റ്റിമേഷൻ എന്നിവ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് അവശേഷിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | വിശദമായ ഡി.പി.ആർ., ആർക്കിടെക്ചറൽ, സ്ട്രക്ചറൽ, ഡിസൈൻ & ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇത് കിഫ്ബിയുടെ ബോർഡ് പരിശോധിച്ചാണ് സാമ്പത്തികാനുമതി നൽകുന്നത്. സാമ്പത്തികാനുമതി ലഭ്യമായതിനു ശേഷമാണ് ടെണ്ടർ നടപടികൾ ആരംഭിക്കുക. |

**സെക്ഷൻ ഓഫീസർ**